## 71

1 നീ വീടെടുത്തതാം എൻ പ്രാണനും
ഘോഷിച്ചുല്ലസിക്കും എന്നാത്മാവും
ആഴിയിൻ ആഴംപോൽ അഗാധമാം
നിൻസ്നേഹം ഞാനെന്നും ധ്യാനിക്കുമ്പോൾ

ക്രൂശിൽ ഞാൻ കാണും നിത്യസ്നേഹം
പാപിയെത്തേടും ദിവ്യസ്നേഹം
പാടിടും ഞാൻ ഇന്നുമെന്നും, പാരിലെന്നും പ്രഘോഷിക്കും
ആമോദമായ്, ആഘോഷമായ്
സ്നേഹമതാൽ, സ്നേഹമതാൽ

2 സീമയ്ക്കതീതമാമീ പ്രപഞ്ചം
സർവ്വേശൻ തൻനാമം ഘോഷിക്കുമ്പോൾ
തല ചായ്പാനിടമില്ലാതീധരയിൽ
പാപിയെ നേടാൻ പാടുപെട്ടു-

3 വിൺദൂതർ വാഴ്ത്തും വിൺനാഥനാം
ഉർവിക്കധിപനാം ദൈവപുത്രൻ
മണ്ണിൽ മനുജനെപ്പോൽ ധരയിൽ
പാപിയെ നേടാൻ പാടുപെട്ടു-

4 വിണ്ണിനും മണ്ണിനുമായ് നടുവിൽ
ഇരുകള്ളർ നടുവിൽ ഗോൽഗോഥാമുകളിൽ
ചങ്കിലെ രക്തം ഊറ്റിക്കൊടുത്തു
പാപിയെ നേടാൻ പാടുപെട്ടു-